(ഡി) കെ.എസ്.ആർ.ടി.സി.-യെ അധിക നികുതി നൽകുന്നതിൽനിന്നും ഒഴിവാക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. കെ.എസ്.ആർ. ടി.സി.-യെ അധിക നികുതിയിൽ നിന്നും ഒഴിവാക്കിയാൽ സർക്കാരിന് ഉണ്ടാകുന്ന നികുതി നഷ്ടം സംബന്ധിച്ച് കൂടുതൽ പഠനം നടത്തിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. പെൻഷൻ കുടിശ്ശിക

324 (3958) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാരിൽ എത്ര പേർ ആത്മഹത്യ ചെയ്തു എന്ന് അറിയുമോ ?

ഉത്തരം

പെൻഷൻ വിതരണത്തിലെ കാലതാമസംമൂലം ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യും സാമ്പത്തിക പ്രതിസന്ധിയും

325 (3959) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകുന്നത് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് എന്ന് അറിയിക്കുമോ ;

(ബി) വിപണിയിൽ ഡീസൽ വില താഴേക്ക് പോയത് കെ.എസ്.ആർ. ടി.സി. പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; ഈയിനത്തിൽ എത്ര രൂപ ലാഭമായിട്ടുണ്ട് ;

(സി) സ്റ്റാഫ് കാർ ഓട്ടം അനാവശ്യ സിവിൽ ജോലികൾ എന്നിവയ്ക്ക് നിയന്ത്രണങ്ങളേർപ്പെടുത്തി പെൻഷൻകാരെയും മറ്റ് തൊഴിലാളികളെയും പട്ടിണിക്കിടുന്നത് ഒഴിവാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശമ്പളവും പെൻഷനും മുടങ്ങിയിട്ടുണ്ട്. 2014 നവംബർ മാസത്തെ ശമ്പളം 6-12-2014-ലാണ് വിതരണം ചെയ്തത്. നിലവിൽ 3 മാസത്തെ പെൻഷൻ കുടിശ്ശികയായി വിതരണം ചെയ്യാനുണ്ട്. 2012 ഒക്ടോബർ മാസം മുതൽ പെൻഷൻ വിതരണം കുടിശ്ശികയാകുന്നുണ്ട്.

(ബി) ഉണ്ട്. പ്രതിദിനം ഏകദേശം 14 ലക്ഷം രൂപയുടെ കുറവ് ഇന്ധന വിലയിൽ ഉണ്ടായിട്ടുണ്ട്.

(സി) സ്റ്റാഫ് കാർ ഓട്ടം പരിമിതപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് സർക്കാർ പ്ലാൻ ഫണ്ടിൽപ്പെടുത്തി അനുവദിക്കുന്ന തുകയുള്ള ജോലികൾ മാത്രമേ നടത്തുന്നുള്ളൂ. കൂടാതെ MLA LACADS, MLA SDF, MLAD എന്നീ ഫണ്ടുകൾ ഉപയോഗിച്ചാണ് പണികൾ ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി. നേരിട്ട് പണി നിർവ്വഹിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾക്ക് മുതൽമുടക്കിന് പലിശരഹിത നിക്ഷേപം സ്വീകരിച്ചാണ് പണം കണ്ടെത്തുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ എഫ്.എ. ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം

326 (3960) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ മുൻകാലങ്ങളിൽ എഫ് ആന്റ് സി.എ.ഒ. തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ;

(ബി) ഇപ്പോൾ പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാം ; ഇപ്പോൾ യോഗ്യതയിൽ ഇളവുകൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ഇളവുകളാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ഇളവു വരുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?